തൃക്കരിപ്പൂർ മണ്ഡലത്തിലെ പാടിയോട്ടുചാലും ഭീമനടിയിലും വൈദ്യുതി സെക്ഷൻ ഓഫീസുകൾക്ക് സൗജന്യമായി ലഭിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

പാടിയോട്ട് ചാൽ വൈദ്യുതി സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി പാടിയോട്ട്ചാൽ ഗ്രാമ വികസനസമിതി സൗജന്യമായി നൽകാമെന്നേറ്റ 10 സെന്റ് ഭൂമി 7-4-2000 -ൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് രജിസ്റ്റർ ചെയ്തു. കൂടുതലായി ആവശ്യമുള്ള 5 സെന്റ് സ്ഥലം വൈദ്യുതി ബോർഡ് നിശ്ചയിക്കുന്ന വിലയ്ക്ക് നൽകാമെന്ന് ഗ്രാമവികസനസമിതി സമ്മതിച്ചിട്ടുണ്ട്. ന്യായമായ വില നിർണ്ണയിക്കുന്നതിന് വേണ്ടി കണ്ണൂർ ജില്ലാ കളക്ടറുടെ നിർദ്ദേശം തേടിയിരിക്കുകയാണ്. ഓഫീസ് നിർമ്മാണത്തിന് കെട്ടിടത്തിന്റെ പ്ലാൻ പൂർത്തിയാക്കി 50 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കുവേണ്ടി ബോർഡിന്റെ പരിഗണനയിലാണ്.

ഭീമനടിയിൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് വേണ്ടി 10 സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്ന് ഗ്രാമവികസന സമിതി സമ്മതിച്ചിട്ടുണ്ട്. 10 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥനായ ശ്രീ. കെ. ജെ. ജോർജ്ജ് സൗജന്യമായി സ്ഥലം വിട്ടു തരുവാൻ സമ്മതമാണെന്ന് രേഖപ്പെടുത്തിയ സമ്മതപത്രം കൊടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തേയ്ക്കുള്ള വഴിക്കുവേണ്ടി വരുന്ന വസ്തുവിന്റെ ഉടമസ്ഥനായ ശ്രീ. എൽ. കെ. അസ്സയ്നാറിന്റെ സമ്മതപത്രം ഇതുവരെ ലഭിച്ചിട്ടില്ല. വസ്തു സംബന്ധമായ രേഖകളും സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനെപ്പറ്റി ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സഹകരണമേഖലയിൽ ജനകീയാസൂത്രണത്തിന്റെ പങ്ക്

102 (254) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയ്ക്ക് ജനകീയാസൂത്രണത്തിന്റെ പങ്ക് എന്തായിരിക്കണമെന്നും ഏതെല്ലാം മേഖലകളിലെ പ്രവർത്തനങ്ങൾക്കാണ് സഹകരണ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടത് എന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു പ്രവർത്തക സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സമിതിയിലെ അംഗങ്ങൾ ആരെല്ലാം ;

(സി) സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. ശ്രീ. ആർ. പരമേശ്വരൻ പിള്ള, എക്സ് എം. എൽ.എ (ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ) ചെയർമാനായുള്ള സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്.

1. ഡോ. ടി. എം. തോമസ് ഐസക്ക്, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്.
2. ശ്രീ. കെ. കെ. ജോസഫ്, പ്രസിഡന്റ്, സംസ്ഥാന സഹകരണ ബാങ്ക്.
3. ശ്രീ. എം. ഗംഗാധരക്കുറുപ്പ്, ചെയർമാൻ, സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ.
4. ശ്രീ. എം. എം. മോനായി, പ്രസിഡന്റ്, ജില്ലാ സഹകരണ ബാങ്ക്, എറണാകുളം.
5. ശ്രീ. വി. ജി. മനമോഹൻ, മെമ്പർ, എക്സ്പർട്ട് ഗ്രൂപ്പ് ജനകീയാസൂത്രണ പ്രസ്ഥാനം.
6. ശ്രീ. കെ. എം. ഷാജഹാൻ, സംസ്ഥാന ആസൂത്രണ ബോർഡ്
7. ശ്രീമതി ടി. എൻ. സീമ, മെമ്പർ, എക്സ്പർട്ട് ഗ്രൂപ്പ് ജനകീയാസൂത്രണ പ്രസ്ഥാനം.
8. ശ്രീ. പി.സി. ഗോപാലൻ, ജോയിന്റ് ഡയറക്ടർ, വ്യവസായവകുപ്പ്.
9. ശ്രീ. പി.എസ്. കെ. സെൻ, അഗ്രിക്കൾച്ചറൽ ഡവലപ്മെന്റ് മാനേജർ, സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്.
10. ശ്രീ. കെ. ആർ. രാജശേഖർ, സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ.
11. ശ്രീ. കെ. വി. സുരേഷ് ബാബു, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ.
12. ശ്രീ. ആർ. ശിവരാജൻ, പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് കരകുളം.

(സി) ഉണ്ട്.

(ഡി) റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് സഹകരണ നിയമത്തിൽ ചില ഭേദഗതികൾ വരുത്തിയിട്ടുള്ളത്. മറ്റ് ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പന്തളം റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡന്റിനെതിരെയുള്ള പരാതി

103 (255) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി പ്രസിഡന്റിനെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly